**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 91** **29-01-2024 - ൽ മറുപടിയ്ക്ക്**

**കടലാക്രമണത്തിന്റെ നഷ്ടപരിഹാരം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കടലാക്രമണത്തിലും മറ്റും സംഭവിക്കുന്ന നഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | കടലാക്രമണത്തിൽ മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വള്ളങ്ങൾക്കും വലയ്ക്കും സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും സമയ ബന്ധിതമായി ധനസഹായം അനുവദിച്ചുവരുന്നു.<br><br>എല്ലാ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് 2018 മുതൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കടലാക്രമണത്തിലും മറ്റും സംഭവിക്കുന്ന നഷ്ടങ്ങൾക്ക് പദ്ധതിയുടെ ഗുണഭോക്താക്കളായ എല്ലാവർക്കും അനുവദനീയമായ ഇൻഷ്വറൻസ് ക്ലെയിം ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തരം നൽകി വരുന്നു.<br><br>ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത യാനങ്ങളുടെ കാര്യത്തിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ബന്ധപ്പെട്ട ജില്ലാ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താവിന് നേരിട്ട് നഷ്ടപരിഹാരം അനുവദിച്ചു വരുന്നു.<br><br>കൂടാതെ തീരശോഷണത്തെ സംസ്ഥാന സവിശേഷ ദുരന്തമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതുമൂലമുണ്ടാകുന്ന നാശനഷ്ടംങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ